Edited with the trial version of
Foxit Advanced PDF Editor
To remove this notice, visit:
www.foxitsoftware.com/shopping

**വയനാട് ജില്ല, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നടപടിക്രമങ്ങൾ**

(ഹാജർ: ബെന്നി ജോസഫ്)

വിഷയം:- പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ ഓഫീസിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറെ സ്ഥാനനിർദ്ദേശം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- 1) സംസ്ഥാന വിവരാവകാശ കമ്മീഷൻ ജോയിന്റ് സെക്രട്ടറിയുടെ 18.01.17ലെ 7253/SIC-Gen4/2016 നമ്പർ കത്ത്.
2) പഞ്ചായത്ത് ഡയറക്ടറുടെ 25.02.17ലെ സി7-2916/17 നമ്പർ ഉത്തരവ്.

---

**ഉത്തരവ് നം. എ3-9754/16, തീയതി: 06.03.2017**

---

കേരളത്തിൽ പഞ്ചായത്ത് വകുപ്പിൽ ജില്ലാതലത്തിൽ പഞ്ചായത്ത് പെഡ്യൂട്ടി ഡയറക്ടർ ഓഫീസുകളിൽ വിവരാവകാശ നിയമപ്രകാരമുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടറും ഒന്നാം അപ്പീൽ അധികാരി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുമാണ്. വയനാട് ജില്ലയിൽ നിലവിൽ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-2-ലെ സൂപ്പർവൈസർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ എന്നിവരുടെ അധിക ചുമതല വഹിക്കുന്നുണ്ട്. മേൽ സാഹചര്യത്തിൽ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറും ഒന്നാം അപ്പീൽ അധികാരിയും ഒരേ വ്യക്തി തന്നെയാണ്. സി.പി.നം. 70(1)/16/SIC നമ്പർ അപ്പീൽ തീർപ്പാക്കിക്കൊണ്ടുള്ള മുഖ്യ വിവരാവകാശ കമ്മീഷണറുടെ 03.02.16ലെ 7253/SIC-Gen4/2016 നമ്പർ ഉത്തരവിലും പരാമർശം (2) ഉത്തരവിലും സ്റ്റേറ്റ് പബ്ലിക് ഇഫർമേഷൻ ഓഫീസറായും ഒന്നാം അപ്പീൽ അധികാരിയായും ഒരേ വ്യക്തി തന്നെ പ്രവർത്തിക്കുന്നത് വിവരാവകാശ നിയമത്തിന്റെ അന്ത:സത്തയ്ക്ക് ചേർന്നതല്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) ഉത്തരവിലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സീനിയറായ ജൂനിയർ സൂപ്രണ്ട് എന്ന നിലയിൽ ശ്രീ. പി.സന്തോഷ്കുമാർ (മൊബൈൽ നം. 9495859440) ജൂനിയർ സൂപ്രണ്ടിനെ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി സ്ഥാനനിർദ്ദേശം ചെയ്തുകൊണ്ട് ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു. ഒന്നാം അപ്പീൽ അധികാരിയായി ബെന്നി ജോസഫ് (മൊബൈൽ നം. 9496048300) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ (I/c) തുടരുന്നതാണ്. കൂടാതെ അസി. പബ്ലിക് ഇൻഫർമേഷൻ ഓഫീസറായി വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ശ്രീ. പി.കെ ബാലസുബ്രഹ്മണ്യനെയും (മൊബൈൽ നം.9495643595) ചുമതലപ്പെടുത്തി ഉത്തരവാകുന്നു. ശ്രീ. പി സന്തോഷ്കുമാർ, ശ്രീ. പി.കെ ബാലസുബ്രഹ്മണ്യൻ എന്നിവർ സ്റ്റേറ്റ് പബ്ലിക്

Edited with the trial version of
Foxit Advanced PDF Editor
To remove this notice, visit:
www.foxitsoftware.com/shopping

ഇൻഫർമേഷൻ ഓഫീസർ, അസി. പബ്ലിക് ഇൻഫർമേഷൻ ഓഫീസർ എന്ന നിലകളിൽ വിവരാവകാശ നിയമപ്രകാരം ഓഫീസിൽ ലഭിക്കുന്ന അപേക്ഷകളിൽ തുടർനടപടികൾ സമയബന്ധിതമായി സ്വീകരിക്കേണ്ടതാണ്.

(ഒപ്പ്)

ബെന്നി ജോസഫ്,
വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ
പൂർണ്ണ അധിക ചുമതല വഹിയ്ക്കുന്ന
പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ്-2
സീനിയർ സൂപ്രണ്ട്.

1. ശ്രീ. പി. സന്തോഷ് കുമാർ, ജൂനിയർ സൂപ്രണ്ട്.
2. ശ്രീ. പി.കെ ബാലസുബ്രഹ്മണ്യൻ, ജൂനിയർ സൂപ്രണ്ട്.

പകർപ്പ്:-
1. എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
2. വെബ് മാസ്റ്റർ
3. ബഹു. പഞ്ചായത്ത് ഡയറക്ടർ (ആമുഖ കത്ത് സഹിതം)

*Spc/*